ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതികൾ

28 (*688) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ആർ. സെൽവരാജ് :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ജൈവ ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനത്തിന് മുതൽ മുടക്കുന്ന യൂണിറ്റുകൾക്ക് നിക്ഷേപ സബ്സിഡി അനുവദിക്കുമോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) പുതിയ ഇനം ഭക്ഷ്യോൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് പ്രോത്സാഹനം നൽകുമോ ;

(ഡി) ഭക്ഷ്യ സംസ്ക്കരണ വ്യവസായത്തിനായി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) ഭക്ഷ്യോൽപ്പന്ന വിപണി വിപുലപ്പെടുത്തുന്നതിനായി വ്യവസായ വകുപ്പിന്റെ കീഴിൽ പ്രദർശന മേളകൾ സംഘടിപ്പിക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ) 2007-ലെ വ്യവസായ നയത്തിൽ കൃഷി അധിഷ്ഠിത വ്യവസായം ഒരു പ്രധാന വിഭാഗമായി ഗവൺമെന്റ് നിശ്ചയിച്ചിരുന്നു. ഈ മേഖലയിൽ പുതിയ നിക്ഷേപങ്ങൾ ആകർഷിക്കുക, കൃഷി അധിഷ്ഠിത വ്യവസായങ്ങൾ കൂടുതൽ ആരംഭിക്കുക, കേരളത്തിന്റെ തനത് ഉല്പന്നങ്ങളുടെ വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമാക്കിയാണ് ഗവണ്മെന്റ് വിവിധ പദ്ധതികൾ തയ്യാറാക്കുന്നത്. പ്രസ്തുത ലക്ഷ്യം നേടുന്നതിനായി ഗവണ്മെന്റ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. അടിസ്ഥാന പശ്ചാത്തല വികസനം ലക്ഷ്യമാക്കി ഗവണ്മെന്റ് താഴെ പറയുന്ന സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

- ഭക്ഷ്യ സംസ്ക്കരണ പാർക്ക്, കാക്കഞ്ചേരി, മലപ്പുറം
- ഭക്ഷ്യ സംസ്ക്കരണത്തിനായി പ്രത്യേക സാമ്പത്തിക മേഖല, കാക്കഞ്ചേരി, മലപ്പുറം.
- ഭക്ഷ്യ സംസ്ക്കരണ മേഖല, കിൻഫ്ര പെരുകിട വ്യവസായ പാർക്ക്, മുഴുവന്നൂർ, എറണാകുളം.

LIBRARY ARCHIVES Kerala Legislative Assembly

- കോൾഡ് സ്റ്റോറേജ്, കിൻഫ്ര വ്യവസായ പാർക്ക്, വയനാട്.
- ഭക്ഷ്യ സംസ്ക്കരണ പാർക്ക്, അടൂർ, പത്തനംതിട്ട

വയനാട്ടിൽ ഒരു ഭക്ഷ്യ സംസ്ക്കരണ പാർക്ക്, തൃശ്ശൂരിൽ ഒരു കേര പാർക്ക് എന്നിവ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. മേൽപ്പറഞ്ഞ പാർക്കുകളിൽ ഭക്ഷ്യ സംസ്ക്കരണ മേഖലയ്ക്കു വേണ്ട താഴെപ്പറയുന്ന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്

എഫ്ലുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്

ക്വാളിറ്റി കൺട്രോൾ ലാബ്

ഫുഡ് ഇൻക്യുബേഷൻ സെന്റർ, കാക്കഞ്ചേരി

കോൾഡ് സ്റ്റോറേജ് സംവിധാനം

കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയത്തിന്റെ കേരളത്തിലെ പദ്ധതികളുടെ നോഡൽ ഏജൻസി കിൻഫ്രയാണ്.

പുതിയ വ്യവസായ സംരംഭകർക്ക് 2000-ലെ വ്യവസായ സബ്സിഡി രൂപരേഖ അനുസരിച്ച് കൃഷി അധിഷ്ഠിത വ്യവസായങ്ങൾ "Thrust Arca"ആയി നിശ്ചയിച്ചിരിക്കുന്ന മേഖലയാണ്. ഈ മേഖലയിൽ ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് സ്ഥിരം ആസ്തിയുടെ 15 ശതമാനം (15 ലക്ഷത്തിൽ സ്ഥിരപ്പെടുത്തി) സബ്സിഡിയായി നൽകുന്നുണ്ട്. ഇടുക്കി, വയനാട് എന്നിവിടങ്ങളിൽ ആരംഭിക്കുന്ന യൂണിറ്റുകൾ സ്ഥിരം ആസ്തിയുടെ 25 ശതമാനം (25 ലക്ഷത്തിൽ നിജപ്പെടുത്തി) സാമ്പത്തിക ആനുകൂല്യം നൽകുന്നുണ്ട്.

പുതിയ മൂല്യവർദ്ധിത വസ്തുക്കളുടെ ഉല്പാദനം, അവയുടെ വിപണനം ഈ മേഖലയിലെ പുതിയ സാങ്കേതിക വികാസങ്ങൾ, പാക്കേജിംഗ് രംഗത്തെ പുതിയ പ്രവണതകൾ, ഭക്ഷ്യവസ്തുക്കൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുമുള്ള സാങ്കേതിക വിദ്യകൾ എന്നിവ മനസ്സിലാക്കുന്നതിന് ഫുഡ് ടെക്നോളജി മീറ്റും ഫുഡ് ബിസിനസ്സ് ഷോയും സംഘടിപ്പിക്കുന്നുണ്ട്.

(ബി) ജൈവ ഭക്ഷ്യ വസ്തുക്കളുടെ ഉല്പാദനം വിവിധ സഹായങ്ങളിലൂടെയും പദ്ധതികളിലൂടെയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക എന്നത് വ്യവസായ നയത്തിലെ പ്രഖ്യാപിത ലക്ഷ്യമാണ്. 2000-ലെ വ്യവസായ സബ്സിഡി രൂപരേഖ അനുസരിച്ച് കൃഷി അധിഷ്ഠിത വ്യവസായങ്ങൾ " Thrust Arca" ആയി നിശ്ചയിച്ചിരിക്കുന്ന മേഖലയാണ്. ഈ മേഖലയിൽ ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് സ്ഥിരം ആസ്തിയുടെ 15 ശതമാനം (15 ലക്ഷത്തിൽ സ്ഥിരപ്പെടുത്തി) സബ്സിഡിയായി നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി, വയനാട് എന്നിവിടങ്ങളിൽ ആരംഭിക്കുന്ന യൂണിറ്റുകൾ സ്ഥിരം ആസ്തിയുടെ 25 ശതമാനം (25 ലക്ഷത്തിൽ സ്ഥിരപ്പെടുത്തി) സാമ്പത്തിക ആനുകൂല്യം നൽകുന്നുണ്ട്.

(സി) മെച്ചപ്പെട്ട സാങ്കേതിക വിദ്യ ഉപയോഗിച്ചും ബയോ ടെക്നോളജിയുടെ സാദ്ധ്യതകൾ മനസ്സിലാക്കിയും പുതിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പ്രോത്സാഹനം നൽകുക എന്നത് സർക്കാർ നയമാണ്.

(ഡി) അടിസ്ഥാന സൗകര്യ വികസനത്തിന് ഗവണ്മെന്റ് സ്വീകരിച്ച നടപടികൾ 'എ' വിഭാഗം ചോദ്യത്തിന്റെ മറുപടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഭക്ഷ്യാൽപ്പന്ന വിപണി വിപുലപ്പെടുത്തുന്നത് ലക്ഷ്യമാക്കി കെ.ബിപ്-ന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂരിൽ ഫുഡ് ടെക്നോളജി മീറ്റും, മലപ്പുറത്ത് ഒരു ഫുഡ് മേളയും സംഘടിപ്പിക്കുന്നുണ്ട്. വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എക്സിബിഷനുകൾ സംഘടിപ്പിക്കുന്നതിന് ഗവൺമെന്റ് തുക അനുവദിച്ചിട്ടുണ്ട്.

മുംബൈ, ഡൽഹി എന്നിവിടങ്ങളിൽ നടക്കാറുള്ള അന്നപൂർണ്ണ, ആഹാർ എന്നീ മേളകളിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ പങ്കെടുക്കാറുണ്ട്.

പുതിയ വ്യവസായ നയം

29 (*689) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പുതിയ വ്യവസായ നയം പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ നയം വന്നതിനുശേഷം എന്ത് തുകയുടെ മുതൽ മുടക്ക് സംസ്ഥാനത്തുണ്ടായി ; ആരെല്ലാം പുതിയ വൻ വ്യവസായങ്ങൾ തുടങ്ങി ; വ്യക്തമാക്കുമോ ;

(സി) ഈ വർഷം എത്ര മുതൽ മുടക്ക് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; ആരെല്ലാമാണ് മുതൽ മുടക്കിന് തയ്യാറായി വന്നിട്ടുള്ളത് ; വ്യക്തമാക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ 31-3-2010 വരെ 2232.69 കോടി രൂപയുടെ മുതൽ മുടക്ക് ഉണ്ടായിട്ടുണ്ട്. കൂടാതെ 13 വൻകിട വ്യവസായങ്ങൾ ഈ സംസ്ഥാനത്ത് തുടങ്ങിയിട്ടുണ്ട് (വിശദ വിവരങ്ങൾക്ക് അനുബന്ധം 1 കാണുക) *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly